**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5934 — 08/07/2013-ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>,, സി. കെ. സദാശിവൻ<br>,, വി. ചെന്താമരാക്ഷൻ<br>ശ്രീമതി കെ. കെ. ലതിക | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക മേഖലയെ ഒഴിവാക്കിയത് സംസ്ഥാനത്തിന്റെ പച്ചക്കറി ഉല്പാദനത്തെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | എ) കൃഷി വകുപ്പ് മുഖാന്തിരം പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. നിലവിൽ പച്ചക്കറി ഉല്പാദനത്തെ കാര്യമായി ബാധിച്ചതായി റിപ്പോർട്ടുകളൊന്നും ലഭ്യമല്ല. |
| ബി) കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ചെലവാക്കപ്പെട്ട തുകയെ സംബന്ധിച്ച് കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ ; | ബി) വിവരം ശേഖരിച്ചു വരുന്നു. |
| സി കൃഷിക്കാവശ്യമായ എന്തെല്ലാം സൗകര്യങ്ങളായിരുന്നു തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ലഭ്യമാക്കിയിരുന്നത് ? | സി പ്രസ്തുത പദ്ധതിയിൽ കാർഷിക മേഖലയുടെ വികസനത്തിനും പരിസ്ഥിതി പുനരുജ്ജീവനത്തിനുമായി ഏറ്റെടുക്കുന്ന പ്രവർത്തികൾ താഴെ പറയുന്നവയാണ്.<br>1. ജല സംരക്ഷണവും, മഴക്കൊയ്ത്തും.<br>2. ജലസേചന തോടുകൾ.<br>3. കുളങ്ങൾ വൃത്തിയാക്കൽ, പുനനിർമ്മാണം.<br>4. ഭൂവികസന - നിലം ഒരുക്കൽ.<br>5. വെള്ളപ്പൊക്കം നിയന്ത്രണ പ്രവർത്തനങ്ങൾ മറ്റു സംരക്ഷണ പ്രവർത്തനങ്ങൾ.<br>6. പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ പഴക്കൃഷി, പച്ചക്കറി കൃഷി, വാഴ കൃഷി. ഔഷധസസ്യ കൃഷി, മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ, തെങ്ങിൻതടം തുറക്കൽ, പുതയിടീൽ, തോട്ടവിളകൾക്കുള്ള തടം എടുക്കൽ, ഇടവിള കൃഷി. |

Snehams

**സെക്ഷൻ ഓഫീസർ**